**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **05-12-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളുടെ നിർമ്മാണ പുരോഗതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കടമക്കുടിയിൽ കിഫ്ബി ധനസഹായത്തോടെയുള്ള പിഴല-കടമക്കുടി പാലത്തിന്റെയും ജിഡ ധനസഹായത്തോടെയുള്ള കോതാട്-ചേന്നൂർ പാലത്തിന്റെയും അലൈൻമെന്റിൽ വാട്ടർമെട്രോ ടെർമിനലുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ
വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ടെർമിനലുകളുടെ
നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ**

1) വൈപ്പിൻ ടെർമിനലിന്റെ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർണ്ണമായി പൂർത്തീകരിച്ചു.
2) ബോൾഗാട്ടി ടെർമിനലിന്റെ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർണ്ണമായി പൂർത്തീകരിച്ചു.
3) കടമക്കുടി ടെർമിനലിന്റെ സിവിൽ ജോലികൾ 30% പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്.
4) പാലിയംതുരുത്ത് ടെർമിനലിന്റെ സിവിൽ ജോലികൾ 30% പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്.
5) മുളവുകാട് നോർത്ത് ടെർമിനലിന്റെ സിവിൽ ജോലികൾ 70% പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്.
6) ചേന്നൂർ ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.
7) കോതാട് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.
8) പൊന്നാരിമംഗലം ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.
9) മൂലമ്പള്ളി ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.
10) പിഴല ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.
11) മുളവുകാട് പഞ്ചായത്ത് ടെർമിനലിന്റേയും, മുളവുകാട് ഹോസ്പിറ്റൽ ടെർമിനലിന്റേയും, എളംകുന്നപ്പുഴ ടെർമിനലിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.